
# മുദ്ര

## അക്കാദമിക മാസ്റ്റർപ്ലാൻ

2025-2026



ഗവ. യു പി എസ് ഇടവിളാകം

## സ്കൂൾ വിവരങ്ങൾ

| | | |
|---|---|---|
| സ്കൂളിന്റെ പേര് | : | **ഗവ.യു.പി.സ്കൂൾ, ഇടവിളാകം** |
| സ്കൂൾ കോഡ് | : | 43448 |
| മേൽവിലാസം | : | ഇടവിളാകം, മുരുക്കുംപുഴ പി.ഒ. 695302 |
| ഫോൺ നമ്പർ | : | 0471-2420442 |
| ഇ-മെയിൽ വിലാസം | : | edavilakomups@gmail.com |
| പഠന മാധ്യമം | : | മലയാളം, ഇംഗ്ലീഷ് |
| ക്ലാസുകൾ | : | 1 മുതൽ 7 വരെ, പ്രീ-പ്രൈമറി |
| വിദ്യാഭ്യാസ ജില്ല | : | തിരുവനന്തപുരം |
| ഉപ ജില്ല | : | കണിയാപുരം |
| ബി.ആർ.സി | : | കണിയാപുരം |
| ഗ്രാമപഞ്ചായത്ത് | : | മംഗലപുരം |
| ബ്ലോക്ക്പഞ്ചായത്ത് | : | പോത്തൻകോട് |
| ജില്ലാ പഞ്ചായത്ത് | : | തിരുവനന്തപുരം |
| വിഭാഗം | : | ഗവണ്മെന്റ് |
| പ്രഥമാധ്യാപികയുടെ പേര്: | | **ശ്രീമതി.ലീന.എൽ** |
| അധ്യാപകരുടെ എണ്ണം | : | 20 |
| അധ്യാപകേതരജീവനക്കാർ: | | 10 |
| കുട്ടികളുടെ എണ്ണം | : | 400 |

# ആമുഖം

തെക്കൻ കേരളത്തിന്റെ വാണിജ്യ ചരിത്രത്തിൽ സുപ്രധാന സ്ഥനം വഹിച്ചിട്ടുള്ള ജലമാർഗ്ഗമായ കഠിനംകുളം കായലിനും കയറുൽപാദനവും വിപണനവുമായി ബന്ധപ്പെട്ട തൊഴിലുകളിൽ സാമ്പത്തിക ഭദ്രത കണ്ടെത്തിയിരുന്ന മുരുക്കുംപുഴ എന്ന തീരപ്രദേശത്തിനും, സമീപത്തായി സ്ഥിതിചെയ്യുന്ന നാട്ടിൻപുറമാണ് മംഗലപുരം ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട ഇടവിളാകം. ഈ കൊച്ചുഗ്രാമത്തിന്റെ പേര് സംസ്ഥാനതലംവരെ എത്തിച്ച ഒരു പ്രൈമറി വിദ്യാലയം ഇന്ന് നാടിന്റെ വിദ്യാഭ്യാസ സംബന്ധമായ സ്വപ്നങ്ങൾക്കും ലക്ഷ്യങ്ങൾക്കും ദിശാബോധം നൽകുന്നു.

76 വർഷങ്ങളുടെ ചരിത്രം പേറുന്ന ഗവ.യു.പി.സ്കൂൾ, ഇടവിളാകം എന്ന ഈ വിദ്യാലയം ഇന്ന് വികസനത്തിന്റെ പാതയിലാണ്. അന്താരാഷ്ട്ര നിലവാരമുള്ള സ്കൂൾ കെട്ടിടം, ഗുണമേന്മയുള്ള പ്രീ പ്രൈമറി വിദ്യാഭ്യാസത്തിനു സഹായകമായ വർണ്ണകൂടാരം പദ്ധതി, ഡിജിറ്റൽ ക്ലാസ് മുറി എന്നിവയൊക്കെ കടന്ന് ഇന്ന് ബാഹ്യ ഏജൻസിയായ റ്റാറ്റ കൺസൾട്ടൻസി സർവ്വീസസ് എന്ന സ്ഥാപനം നിർമ്മിച്ചു നൽകുന്ന ഹൈടെക് കെട്ടിടത്തിന്റെ പ്രവർത്തനോദ്ഘാടനത്തിന് ഒരുങ്ങി നിൽക്കുകയാണ് ഇന്ന് ഈ വിദ്യാലയം.

മംഗലപുരം സി.എസ്.ഐ ചർച്ചിന്റെയും, കുറക്കോട് മുസ്ലിം പള്ളിയുടേയും, ചെമ്പകക്കുന്ന് ശ്രീകൃഷ്ണ സ്വാമി ക്ഷേത്രത്തിന്റെയും, ഒത്ത നടുക്കായി മതമേതായാലും മനുഷ്യൻ നന്നായാൽ മതിയെന്ന ഉന്നത ചിന്തയുൾക്കൊണ്ട ശ്രീനാരായണഗുരുദേവന്റെ ചൈതന്യം തുളുമ്പുന്ന ഗുരുമന്ദിരത്തിനരികിലായി നിലകൊള്ളുന്ന ഇടവിളാകം ഗവ.യു.പി.സിന് നാടിന്റെ വിദ്യാഭ്യാസ പുരോഗതിയിൽ ഗണ്യമായ സ്ഥാനമാണുള്ളത്. സ്നേഹഗായകൻ എന്നു പുകൾ കൊണ്ട മഹാകവി കുമാരനാശാന്റെ സ്മരണാർത്ഥം തോന്നയ്ക്കലിൽ സ്ഥാപിക്കപ്പെട്ട ദേശീയ ഇൻസ്റ്റിറ്റ്യൂട്ടിന് ഏറ്റവും അടുത്തുള്ള സർക്കാർ വിദ്യാലയവും ഇതുതന്നെയാണ്. മംഗലപുരം പഞ്ചായത്ത് പരിധിക്കുള്ളിലെ ഏക അപ്പർ പ്രൈമറി സ്കൂൾ ആണിത്.

## ചരിത്രം

ഇന്ത്യയുടെ സ്വാതന്ത്ര്യലബ്ധിക്ക് തൊട്ടടുത്ത വർഷം 1948 ജൂലൈ മാസം 27-ാം തീയതിയാണ് ഇടവിളാകത്ത് ഈ വിദ്യാലയം എൽ.പി.സ്കൂളായി പ്രവർത്തനമാരംഭിച്ചത്. ശ്രീ.ചെല്ലപ്പൻ, ശ്രീ.കൃഷ്ണൻ എന്നീ വിശാല മനസ്ക രായ രണ്ടു തദ്ദേശവാസികളുടെ കുടുംബവസ്തുവിൽ നിന്നുള്ള 50 സെൻറ് ഭൂമിയിലാണ് സ്കൂൾ കെട്ടിടം ഉയർന്നത്. പിൽക്കാലത്ത് സ്കൂൾ വികസന സമിതി വാങ്ങിയെടുത്ത 24 സെൻറ് ഭൂമി കൂടി കൂട്ടിച്ചേർത്ത് 74 സെൻറ് ആയി സ്കൂൾ കാമ്പൗണ്ട് വികസിപ്പിക്കുകയും, തുടർന്ന് 1984 ൽ അത് അപ്പർ പ്രൈ മറി സ്കൂളായി ഉയർത്തപ്പെടുകയും ചെയ്തു.

ആദ്യ കാലങ്ങളിൽ ഇടവിളാകം, മംഗലപുരം, മുരുക്കുംപുഴ, തോന്നയ് ക്കൽ ഭാഗങ്ങളിൽ നിന്നുള്ള ആയിരത്തോളം കുട്ടികൾ ഇവിടെ പഠിച്ചിരുന്നു. 2005-2010 കാലഘട്ടങ്ങളിൽ കേരളത്തിലെ പൊതുവിദ്യാഭ്യാസ രംഗത്ത് ഉടനീളം ദൃശ്യമായ പ്രതിസന്ധി ഈ വിദ്യാലയത്തിലേയും കുട്ടികളുടെ എണ്ണത്തിൽ ഗണ്യമായ കുറവുണ്ടാക്കിയെങ്കിലും അധ്യാപകരുടേയും, നാട്ടുകാരുടേയും പി.ടി.എ യുടേയും ഒരുമിച്ചുള്ള അക്ഷീണ പ്രയത്നത്തിൻെറ ഫലമായി പഴയ പ്രൗഢിയിലേയ്ക്ക് ഉയരാൻ സ്കൂളിന് കഴിഞ്ഞു.

## സ്കൂൾ – ഇന്ന്

മംഗലപുരം, മുരുക്കുംപുഴ, വരിക്കുമുക്ക്, ചെറുകായൽക്കര, കുറക്കോട്, മുല്ലശ്ശേരി തുടങ്ങിയ സമീപപ്രദേശങ്ങൾക്ക് പുറമേ കോട്ടറക്കരി, ശാസ്തവട്ടം വേങ്ങോട് കീഴാവൂർ സി.ആർ.പി.എഫ് ക്യാമ്പ് തുടങ്ങിയ വിദൂര ഇടങ്ങളിൽ നിന്നു പോലും വരുന്ന 400 ലധികം കുട്ടികളാണ് ഇന്നിവിടെ പഠിക്കുന്നത്. ഇടവിളാകം ലക്ഷംവീട്, മുണ്ടയ്ക്കൽ ലക്ഷംവീട്, ഖാൻകോളനി എന്നിവി ടങ്ങളിൽ നിന്നുള്ള കുട്ടികൾ എല്ലാക്കാലത്തും ഈ വിദ്യാലയത്തിൻെറ കരു ത്തായി നിലകൊണ്ടിട്ടുണ്ട്.

പതിമൂന്നുവർഷക്കാലം സ്കൂളിൻെറ പ്രഥമാധ്യാപികയായിരുന്ന ശ്രീമതി. എം.എ.സീനത്ത്ബീവിയും, തുടർന്നു വന്ന ശ്രീമതി.എം.എൽ.രേണുകയും ആ കാലയളവിലെ തദ്ദേശസ്വയംഭരണ സ്ഥാപനസാരഥികളും ചേർന്ന് തുടങ്ങി വച്ച വികസന പ്രവർത്തനങ്ങൾ ഇന്ന് പ്രധാനാധ്യാപിക ശ്രീമതി.എൽ.ലീന ഗ്രാമ പഞ്ചായത്ത് പ്രസിഡൻറ് ശ്രീമതി.സുമ ഇടവിളാകം, വാർഡ് മെമ്പർ ശ്രീമതി. എസ്.കവിത എന്നിവരുടെ കരുത്താർന്ന സാരഥ്യത്തിൻ കീഴിൽ ഊർജ്ജസ്വല മായി തുടർന്നുകൊണ്ടേയിരിക്കുന്നു. ശ്രീ.എ.ബിനുവിൻെറ നേതൃത്വത്തിലുള്ള അധ്യാപക രക്ഷാകർതൃസമിതിയും, ശ്രീ.ഇ.എ.സലാമിൻെറ നേതൃത്വത്തിലുള്ള സ്കൂൾ മാനേജ്മെൻറ് കമ്മിറ്റിയും ശക്തിയും പിന്തുണയുമായി ഒപ്പമുണ്ട്.

സ്കൂളിന് മികവാർന്ന ഭൗതികസാഹചര്യങ്ങൾ ഒരുക്കുന്നതിൽ പിന്തുണയും സാമ്പത്തിക സഹായങ്ങളുമായി ആദരണീയനായ എം.എൽ.എ ശ്രീ. വി.ശശി സ്കൂളിൻെറ വികസന സ്വപ്നങ്ങൾക്ക് ചുക്കാൻ പിടിച്ചുകൊണ്ട് എന്തിനും മുൻനിരയിൽ തന്നെയുണ്ട്. സ്കൂളിൻെറ അക്കാദമി കാര്യങ്ങളിൽ കൈത്താങ്ങായി കണിയാപുരം എ.ഇ.ഒ.ശ്രീ.ഹരികൃഷ്ണനനും, ബി.പി.സി ശ്രീ. ഡോ.ഉണ്ണികൃഷ്ണൻ പാറക്കലും ഏതു ഘട്ടത്തിലും ഒപ്പമുണ്ട്. അതുപോലെ സി.ആർ.സി കോഡിനേറ്റർ, റിസോഴ്സ് അധ്യാപകർ എന്നിവരുടേയും നിർലോഭമായ സഹായ സഹകരണങ്ങൾ സ്കൂളിന് ലഭിച്ചുകൊണ്ടിരിക്കുന്നു.

എല്ലാറ്റിനുമുപരിയായി വിദ്യാലയത്തിന് എന്നും കരുത്തായി നിലകൊള്ളുന്ന പ്രീ-പ്രൈമറി മുതൽ ഏഴാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾ സഹകരണത്തിൻെറയും, പങ്കുവയ്ക്കലിൻെറയും പുത്തൻ പാഠങ്ങളുമായി നിലകൊള്ളുന്ന രക്ഷകർത്താക്കൾ, സ്കൂളിറൻെറ ഉന്നമനത്തിനായി ഒറ്റക്കെട്ടായി പ്രവർത്തിക്കുന്ന അധ്യാപകർ, സ്കൂളിൻെറ വികസനത്തിൽ ഒപ്പം നിൽക്കുന്ന പൂർവ്വ വിദ്യാർത്ഥികൾ, സഹകരണ മനസ്കരായ നാട്ടുകാർ എന്നിവരെല്ലാം ചേർന്ന് ഇടവിളാകം ഗവ.യു.പി.എസിനെ അക്ഷരാർത്ഥത്തിൽ മികവിൻെറ കേന്ദ്രമാക്കി മാറ്റിയിരിക്കുന്നു.

റ്റാറ്റാ കൺസൾട്ടൻസി, യു.എസ്.റ്റി ഗ്ലോബൽ, ടെക്നോപാർക്കിലെ മറ്റ് വിവിധ ഐ.റ്റി സ്ഥാപനങ്ങൾ, ഫെഡറൽ ബാങ്ക്, കരിച്ചാറ നന്മ ചാരിറ്റബിൾ ട്രസ്റ്റ്, അൽഫാസ് ഗ്രൂപ്പ്, പ്രാദേശിക വ്യവസായ സ്ഥാപനങ്ങൾ ശ്രീ.ബോബൻ ജൂഡ് ഉൾപ്പെടെയുള്ള തദ്ദേശവാസികൾ തുടങ്ങിയവർ എന്നും സ്കൂളിൻെറ വികസനത്തിൻെറ പാതയിൽ മുതൽക്കൂട്ടായിട്ടുണ്ട്.

## അക്കാദമിക മാസ്റ്റർപ്ലാൻ രൂപീകരണം

സ്കൂളിൻെറ അക്കാദമിക മാസ്റ്റർപ്ലാൻ തയാറാക്കുന്നതിൻെറ ആദ്യ പടിയായി സ്കൂൾ തുറക്കുന്നതിന് മുൻപായി എസ്.ആർ.ജി യോഗം കൂടി സ്ഥിതി ഗതികൾ വിലയിരുത്തുകയും, പ്രാഥമികതല ആക്ഷൻ പ്ലാൻ തയ്യാറാക്കുകയും ചെയ്തു. തുടർന്ന് എസ്.എം.സി, പിറ്റി.എ, എം.പി.റ്റി.എ തുടങ്ങിയവയുമായി കൂടി ആലോചിച്ച് തനതു പ്രവർത്തനങ്ങൾ പട്ടികപ്പെടുത്തി. അക്കാദമികവും ഭൗതികവും സാമൂഹികവുമായ അവസ്ഥാവിശകലനം നടത്തി ഈ മൂന്ന് വിഭാഗങ്ങളിലായി പ്രവർത്തനങ്ങളെ തരംതിരിച്ചു.

## മുൻവർഷങ്ങളിലെ അക്കാദമിക മാസ്റ്റർപ്ലാൻ പ്രകാരം പൂർത്തീകരിച്ച കാര്യങ്ങൾ

2017 ൽ അഞ്ച് വർഷത്തേയ്ക്കുള്ള പ്രവർത്തനങ്ങൾ മുൻനിർത്തി ഒരു പഞ്ചവത്സര ആസൂത്രണം നടത്തി തുടർന്നുള്ള അക്കാദമിക വർഷങ്ങളിൽ ഓരോ വർഷത്തെയും അടിസ്ഥാനമാക്കി മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയുണ്ടായി. ഇവ പ്രകാരം ആസൂത്രണം ചെയ്യപ്പെട്ട പല കാര്യങ്ങളും പൂർത്തികരിക്കാനായി എന്നുള്ളത് അഭിമാനപൂർവ്വം എടുത്തു പറയുന്നു. സ്കൂളിൻെറ ഭൗതിക സാഹചര്യങ്ങൾ സംബന്ധിച്ച് മികച്ച രീതിയിൽ മാറ്റം വരുത്തുവാൻ കഴിഞ്ഞു. വിശാലമായ ക്ലാസ് മുറികളോടുകൂടി രണ്ട് ബഹുനില മന്ദിരങ്ങൾ, ഡൈനിംഗ് ഹാൾ, ആധുനിക സൗകര്യങ്ങളോടു കൂടിയ അടുക്കള, ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമുള്ള ടോയ്‌ലറ്റ്, ഡിജിറ്റൽ സൗകര്യങ്ങളോടു കൂടിയ ഐ.റ്റി ക്ലാസ് മുറി, ലാപ്ടോപ്പുകളും എൽ.സി.ഡി. പ്രോജക്ടറുകളും ഐറ്റി ലാബ്, ജൈവ വൈവിധ്യ ഉദ്യാനം, വർണ്ണകൂടാരം പദ്ധതിയിൽ ഉൾപ്പെട്ട് പ്രീ-പ്രൈമറി ശാക്തീകരണം എന്നീ പദ്ധതികൾ യാഥാർത്ഥ്യമായി.

അക്കാദമികമായ നേട്ടങ്ങളിൽ ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കൽ, കായിക അധ്യാപകൻെറ സേവനം ലഭ്യമാക്കൽ, പ്രവർത്തി പരിചയ പഠനത്തിൽ സ്പെഷ്യൽ ടീച്ചറുടെ സേവനം ലഭ്യമാക്കൽ, കലാകായിക ശാസ്ത്ര മേളകളിലെ മികച്ച പങ്കാളിത്തം, എൽ.എസ്.എസ്, യു.എസ്.എസ് തുടങ്ങിയ മത്സര പരീക്ഷകളിലെ നേട്ടം, അഭിനയവ, സർഗാത്മകത എന്നിവയിലൂന്നിയുള്ള പഠന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കൽ തുടങ്ങിയവ ഉൾപ്പെടുന്നു.

വിവിധ ഏജൻസികളുമായി സഹകരിച്ച് കുട്ടികൾക്ക് വിദ്യാഭ്യാസ സാമ്പത്തിക സഹായങ്ങൾ എത്തിക്കാൻ കഴിഞ്ഞത് സാമൂഹിക മേഖലയിലെ നേട്ടങ്ങളിൽപെട്ടവയാണ്. പൂർവ്വ വിദ്യാർത്ഥികളുടെ പങ്കാളിത്തത്തോടെ വിഭവ സമാഹരണം, കുട്ടികൾക്ക് വീട് വച്ച് നൽകൽ, സ്കിൽ ഡെവലപ്മെൻറ് പ്രോഗ്രാമുകൾ, പെൺകുട്ടികൾക്കായുള്ള സ്വയം സുരക്ഷാ ക്ലാസുകൾ തുടങ്ങിയവ സാമൂഹിക മേഖലയിൽ ഉണ്ടായ നേട്ടങ്ങളിൽ പ്രധാനപ്പെട്ടവയാണ്.

തികച്ചും യാഥാർത്ഥ്യ ബോധത്തോടെയാണ് ഓരോ വർഷവും അക്കാദമിക മാസ്റ്റർ പ്ലാൻ തയാറാക്കിയിട്ടുള്ളത്. അതിൻെറ പ്രതിഫലനമാണ് ഈ കഴിഞ്ഞ വർഷങ്ങളിൽ വിദ്യാലയത്തിൻെറ അകാദമിക, ഭൗതിക സാമൂഹിക മേഖലയിലുണ്ടായ നേട്ടങ്ങൾ.

## ലക്ഷ്യങ്ങൾ

- പാഠ്യപദ്ധതി നിർദ്ദേശിക്കുന്നതുപ്രകാരം കുട്ടി ആർജ്ജിക്കേണ്ട ശേഷികളും അന്താരാഷ്ട്ര നിലവാരത്തിലുള്ള ധാരണകളും ഓരോ കുട്ടിയും നേടി എന്ന് ഉറപ്പാക്കുക.
- വിഷയങ്ങളിലൂന്നിയുള്ള പഠനത്തിനപ്പുറം സർഗ്ഗപരമായ കഴിവുകൾ വികസിപ്പിച്ച് സമഗ്രവികസനം ഉറപ്പാക്കുക.
- പഠന പിന്നാക്കാവസ്ഥ പരിഹരിക്കാൻ പ്രത്യേക പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുക.
- വിവര വിനിമയ സാങ്കേതിക വിദ്യയുടെ പിന്തുണ ഉറപ്പുവരുത്തുക.
- പരിസ്ഥിതി പ്രവർത്തനങ്ങൾ, മാലിന്യ നിർമാർജനം, ഊർജ്ജ സംരക്ഷം, ജൈവകൃഷി എന്നിവയിലൂടെ കുട്ടികൾ പാരിസ്ഥിതിക അവബോധം സൃഷ്ടിക്കുക
- ലഹരി മുക്ത വിദ്യാലയം എന്ന സങ്കൽപം യാഥാർത്ഥ്യമാക്കുക.
- സ്കൂളിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തി ആകർഷകമാക്കുക.
- പ്രത്യേക പരിഗണന അർഹിക്കുന്നവർക്ക് പ്രത്യേക പ്രവർത്തനങ്ങൾ നൽകി മുഖ്യധാരയിൽ എത്തിക്കുക.
- സമത്വം, ലിംഗനീതി, മതേതരത്വം, മാനവികത, നേതൃത്വശേഷി, അന്ധവിശ്വാസം, അനീതി എന്നിവയ്ക്കെതിരെയുള്ള നിലപാട് തുടങ്ങിയ ആശയങ്ങൾ പുലർത്തുന്ന ഒരു പരിശീലന കളരിയായി വിദ്യാലയത്തെ മാറ്റി എടുക്കുക.
- കായിക പരിശീലനവും അതിനുള്ള അടിസ്ഥാന സൗകര്യങ്ങളും ഉറപ്പുവരുത്തുക.
- പൊതുസമൂഹത്തിന്റെ പിന്തുണ വിദ്യാലയത്തിനും, വിദ്യാലയത്തിന്റെ പിന്തുണ പൊതുസമൂഹത്തിനും ഉറപ്പു വരുത്തുക.

## മേഖല : അക്കാദമികം

| | | |
|---|---|---|
| വിഭാഗം | : | എൽ.പി / യു.പി |
| വിഷയം | : | ഭാഷാ - മലയാളം |
| മേഖല | : | വായന |
| പ്രവർത്തന പരിപാടിയുടെ പേര് | : | വെളിച്ചം (LP) |
| | | തെളിച്ചം (UP) |

### അവസ്ഥാ വിശകലനം

ഒന്നുമുതൽ ഏഴ് വരെ ക്ലാസ്സുകളിൽ 352 കുട്ടികളിൽ പകുതിയിലധികം കുട്ടികളും മലയാളഭാഷ ഒഴുക്കോടെ വായിക്കുന്നവരാണ്. 30% കുട്ടികൾ ചിഹ്നങ്ങൾ, കൂട്ടക്ഷരങ്ങൾ ഇവ ചേർത്ത് വായിക്കാൻ ബുദ്ധിമുട്ടുള്ളവരാണ്. 20% കുട്ടികൾ വായനയിൽ പിന്നാക്കം നിൽക്കുന്നു. നന്നായി വായിക്കുന്നവരിൽ തന്നെ 70% പേർ ആശയ ഗ്രഹണശേഷിയോടെ വായിക്കുന്നവരാണ്.

### ലക്ഷ്യം

എല്ലാ കുട്ടികൾക്കും മലയാളഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനും ഉള്ള ശേഷി വികസിപ്പിക്കൽ.

### പ്രതീക്ഷിത നേട്ടങ്ങൾ

- തെറ്റ് കൂടാതെ മലയാളഭാഷ വായിക്കുവാനും എഴുതുവാനുമുള്ള ശേഷി നേടും
- മികച്ച വായനക്കാരെ സൃഷ്ടിക്കും
- ആശയ ഗ്രഹണ വായനയ്ക്ക് കുട്ടികൾ പ്രാപ്തരാകും
- ശരിയായ ഉച്ചാരണത്തോടെയുള്ള കഥകൾ വായിക്കുകയും പറയുകയും ചെയ്യാൻ പ്രാപ്തരാക്കും. ഉച്ചാരണശുദ്ധിയോടെയും താളാത്മകമായും മലയാള കവിതകൾ ചൊല്ലും
- ക്ലാസ്സ് മെച്ചപ്പെടുത്തും
- വായിച്ച പുസ്തകങ്ങളെ കുറിച്ചുള്ള ആസ്വാദനക്കുറിപ്പുകൾ തയ്യാറാക്കും.

| പ്രവർത്തനം | പ്രവർത്തന ഘട്ടങ്ങൾ | നിർവഹണകാലം | ചുമതല |
|---|---|---|---|
| അക്ഷരങ്ങൾ ചിഹ്നങ്ങൾ ഉറപ്പിക്കൽ | എസ്.ആർ.ജി.യിൽ ചർച്ച<br>അക്ഷര ചിഹ്ന കാർഡുകളുടെ നിർമ്മാണം<br>അക്ഷരപ്പാട്ടുകൾ<br>അക്ഷരചിത്രങ്ങൾ<br>പദക്കാർഡുകളെ നിർമ്മാണം<br>ചിഹ്നങ്ങൾ ചേർത്തും അല്ലാതെയുമുള്ള പദങ്ങളുടെ നിർമ്മാണം<br>പദസൂര്യൻ വർക്ക് ഷീറ്റുകൾ<br>സ്വയം തിരുത്തലുകൾ | ജൂൺ മുതൽ ഫെബ്രുവരി വരെ | എസ് ആർ ജി<br>പി. ടി. എ<br>ക്ലാസ് അധ്യാപകർ |
| അക്ഷരങ്ങളിൽ നിന്ന് പദങ്ങളിലേക്ക് പദങ്ങളിൽ നിന്ന് വാക്യങ്ങളിലേയ്ക്ക് | വായനക്കാർഡുകളുടെ നിർമ്മാണം<br>കൂട്ടക്ഷരങ്ങൾക്ക് പ്രാധാന്യം നൽകിക്കൊണ്ടുള്ള വായനക്കാർഡുകൾ<br>ശരിയായ ഉച്ചാരണത്തിനുള്ള കഥാവായനയിലൂടെ പദങ്ങളിലേക്കും ചെറുവാക്യങ്ങളിലേക്കും എത്തൽ<br>കടന്നുപോകുന്ന പദങ്ങൾ, വാക്യങ്ങൾ എന്നിവയുമായി ബന്ധപ്പെടുത്തി ചെറുഖണ്ഡികകൾ നിർമ്മിക്കുന്നു. | | എസ് ആർ ജി<br>പി. ടി. എ<br>ക്ലാസ് അധ്യാപകർ |

| | | | |
|---|---|---|---|
| മികച്ച വായന | കുട്ടികളുടെ നിലവാരത്തിനനുസൃതമായ പുസ്തകങ്ങൾ<br>ക്ലാസ് ലൈബ്രറി ക്രമീകരിക്കുന്നു.<br>ആശയ ഗ്രഹണ വായനക്കായി അധ്യാപകന്റെ മാതൃകാവായന,<br>പുസ്തക പരിചയം, പുസ്തക വിതരണം, പുസ്തക വായന<br>പുസ്തകചർച്ച, പുസ്തക പരിചയം,<br>(ക്ലാസിലും, അസംബ്ലിയിലും)<br>കുട്ടിലൈബ്രറിയനെ തിരഞ്ഞെടുക്കൽ,<br>ക്ലാസ് ലൈബ്രറി രജിസ്റ്റർ<br>വായനാ രജിസ്റ്റർ എന്റെ വായനാപുസ്തകം<br>ആസ്വാദനക്കുറിപ്പുകൾ, സ്വന്തം രചനകൾ,<br>വായനാക്കുറിപ്പുകൾ<br>എന്നിവ ഉൾപ്പെടുത്തി പതിപ്പുനിർമ്മാണം<br>മികച്ച വായനക്കാർക്ക് അംഗീകാരം | | എസ് ആർ ജി<br>പി. ടി. എ<br>ക്ലാസ് അധ്യാപകർ |

## മേഖല : അക്കാദമികം

| | | |
|---|---|---|
| വിഭാഗം | : | എൽ.പി. / യു.പി |
| വിഷയം | : | ഭാഷ - ഇംഗ്ലീഷ് |

### ലക്ഷ്യം

എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി വായിക്കുവാനും എഴുതുവാനും സംസാരിക്കുവാനുമുള്ള കഴിവ് വികസിപ്പിക്കൽ.

### പ്രവർത്തനങ്ങൾ

- **പഠനനില കണ്ടെത്തൽ**

  പ്രീടെസ്റ്റ് നടത്തി വിശകലനം ചെയ്ത മികവുകളും പരിമിതികളും കണ്ടെത്തുന്നു.
- പരിമിതികൾ പരിഹരിക്കുന്നതിന് ആവശ്യമായ പ്രവർത്തന പാക്കേജ് തയ്യാറാക്കൽ, ശേഖരിക്കൽ
- ധാരാളം ഇംഗ്ലീഷ് റൈംസ്, സ്റ്റോറീസ് കാണുവാനും കേൾക്കുവാനും അവസരം നൽകുന്നു.
- വസ്തുക്കളുടെയും, ജീവികളുടെയും മറ്റ് ചിത്രങ്ങൾ സഹിതം വാക്കുകൾ പ്രദർശിപ്പിക്കുന്നു, വായിക്കുന്നു, കേൾക്കാൻ അവസരം നൽകുന്നു.
- ചെറിയ ബാല പ്രസിദ്ധീകരണങ്ങൾ ക്ലാസ്സിൽ ഒരുക്കുന്നു
- ഇംഗ്ലീഷ് പത്രം
- ഇംഗ്ലീഷ് കോർണർ
- ഇംഗ്ലീഷ് അസംബ്ലി
- ചിത്രകാർഡുകൾ നിർമ്മിക്കുന്നു
- ഇംഗ്ലീഷ് സംസാരിക്കാൻ അവസരങ്ങൾ
- ഇംഗ്ലീഷ് ഡയറി

**ചുമതല**

ഇംഗ്ലീഷ് അധ്യാപകർ, എസ്.ആർ.ജി

**സാമ്പത്തികം**

പി.റ്റി.എ, അധ്യാപകർ

**വിഷയം : ഹിന്ദി**

**മേഖല : അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതിസം | സാമ്പത്തികം |
|---|---|---|---|---|
| യു.പി തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ | അക്ഷരം എഴുത്ത്<br>ചിഹ്നം ഉറപ്പിക്കൽ<br>അക്ഷരകാർഡ്<br>വാക്കുകൾ എഴുതിയ കാർഡ്<br>ക്ലാസ്സിൽ അക്ഷരമാല പ്രദർശനം<br>ഓൺലൈൻ അക്ഷരമാല കളികൾ<br>വാക്കുകൾ നിർമ്മാണം<br>വാക്യങ്ങളുടെ നിർമ്മാണം | ജൂൺ മുതൽ ആഗസ്റ്റ് | അക്ഷരപ്പാട്ട്<br>പാഠപുസ്തകം | അധ്യാപകർ |
| <u>**വീട് ഒരു പരീക്ഷണാശാല**</u><br>കാണാനും കേൾക്കാനും വീട്ടിൽ ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക | വീട്ടിൽ ഉപയോഗിക്കുന്ന ഗൃഹോപകരണങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കളുടെ പട്ടിക ഹിന്ദിയിൽ തയ്യാറാക്കുക | സെപ്റ്റംബർ മുതൽ ഒക്ടോബർ | ഹിന്ദി നിഘണ്ടു | അധ്യാപിക<br>രക്ഷകർത്താവ് |

| | | | | |
|---|---|---|---|---|
| ആശയങ്ങൾ<br>തെറ്റുകൂടാതെ<br>പ്രകടിപ്പിക്കാനും<br>സർഗ്ഗാത്മക രചനകൾ<br>വികസിപ്പിക്കുനുമുള്ള<br>അവസരം | ICT സഹായത്തോടെ വസ്തുക്കളും<br>വാക്കുകളു പരിശീലിക്കാനുള്ള അവസരം<br><br>CWSN കുട്ടികളുടെ പങ്കാളിത്തം<br>ഹിന്ദി അസംബ്ലി<br>ദിനാചരണങ്ങൾ<br>(പ്രത്യേകിച്ച് സെപ്റ്റംബർ 14,<br>ജൂൺ 10)<br>അധിക വായന സാമഗ്രികൾ<br>ചിത്രസഹായത്തോടെ ചിത്രകഥ<br>ചിത്രം അടികുറിപ്പ്<br>ചിത്രം കഥപറയൽ<br>ചിത്രം കഥ എഴുതൽ<br>കഥ ബാക്കി എഴുതൽ<br>വായനാമൂല<br>ഹിന്ദിക്ലബ്ബ് പ്രവർത്തനങ്ങൾ | നവംബർ<br>മുതൽ<br>ഫെബ്രുവരി | പുസ്തകങ്ങൾ | അധ്യാപകർ<br>രക്ഷകർത്താവ് |

വിഷയം : സംസ്കൃതം

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനം | സമയം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| യു.പി തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽ | അക്ഷരം എഴുത്ത്<br>ചിഹ്നം ഉറപ്പിക്കൽ<br>അക്ഷരകാർഡ്<br>വാക്കുകൾ എഴുതിയ കാർഡ്<br>ക്ലാസ്സിൽ അക്ഷരമാല പ്രദർശനം<br>അക്ഷരഗീതങ്ങൾ കേൾപ്പിക്കുക<br>**<u>പറയാം പഠിക്കാം</u>**<br>ചിത്രങ്ങളുടെ പേര് പറയൽ<br>ലഘുസംഭാഷണങ്ങൾ<br>നിത്യജീവിതത്തിലുപയോഗിക്കുന്ന<br>സംസ്കൃത പദങ്ങൾ | ജൂൺ മുതൽ ആഗസ്റ്റ് | അധ്യാപിക | പി.റ്റി.എ |
| കാണുന്നതും കേൾക്കുന്നതും | വീട്ടിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ | സെപ്റ്റംബർ | | |

| | | | | |
|---|---|---|---|---|
| ഉപയോഗിക്കുന്നതുമായ<br>വസ്തുക്കളുടെ പേര്<br>സംസ്കൃതത്തിൽ പഠിക്കുക | പട്ടിക സംസ്കൃതത്തിൽ തയ്യാറാക്കുക<br>ICT സഹായത്തോടെ വസ്തുക്കളും<br>വാക്കുകളും പരിശീലിക്കാനുള്ള<br>അവസരം | ഒക്ടോബർ | അധ്യാപിക | പി.റ്റി.എ |
| കുട്ടിയെ വായനയുടെ<br>ലോകത്തേയ്ക്ക് കൊണ്ടുവരൽ | തെരഞ്ഞെടുത്ത ലളിതമായ പുസ്തകങ്ങൾ<br>വായനയ്ക്കായി സജ്ജീകരിക്കുക<br>ഓരോം സംസ്കൃത പീരീയഡിലും ആദ്യത്തെ<br>5 മിനിറ്റിൽ ഓരോ കുട്ടിയേയും കൊണ്ട്<br>പുസതകത്തിന്റെ ഒരു പേജ് ഉറക്കെ<br>വായിപ്പിക്കുക<br>നന്നായി വായിച്ച കുട്ടിയ അനുമോദിക്കുക | 6 മാസം | അധ്യാപിക | പി.റ്റി.എ |
| കരിക്കുലം ലക്ഷ്യം<br>വയ്ക്കുന്ന സംസ്കൃത<br>ഭാഷാ പഠനനേട്ടങ്ങൾ | ക്ലബ്ബ് രൂപീകരണം<br>പഠനോപകര നിർമ്മാണം<br>കലണ്ടർ നിർമ്മാണം | ജൂൺ<br>മാർച്ച് | അധ്യാപിക | പി.റ്റി.എ |

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

## ജി.യു.പി.എസ് ഇടവിളാകം - അറബിക്

ലക്ഷ്യങ്ങൾ :- 1. അറബി അക്ഷരങ്ങളുടെ ഉച്ചാരണം, എഴുത്തു രീതി എന്നിവ മനസ്സിലാക്കി വായിക്കാനും എഴുതാനുമുള്ള കഴിവ്

2. ചിഹ്നങ്ങൾ തിരിച്ചറിഞ്ഞ വായന പദനിർമ്മാണം പദശേഖരണം
3. ഉപചാര വാക്കുകൾ മനസ്സിലാക്കുന്നു പറയുന്നു
4. കഥ, കവിത എന്നിവ കേട്ട് ആസ്വദിക്കുന്നതിന്
5. മാഗസിൻ നിർമ്മാണം
6. ദിനാചരണങ്ങൾ പരിചയപ്പെടുന്നു

| ഉപലക്ഷ്യങ്ങൾ | ഉപലക്ഷ്യങ്ങൾ നടപ്പിൽ വരുത്താൻ കണ്ടെത്തിയ പരിപാടികൾ | നടപ്പിൽ വരുത്തുന്ന പ്രവർത്തനങ്ങളുടെ സൂക്ഷ്മാസൂത്രണം | ഓരോ ഘട്ടത്തിലെയും പ്രതീക്ഷിത തെളിവുകൾ | പൊതുസമൂഹത്തിന്റെ മുൻപിൽ പങ്കിടുന്ന രീതികൾ | നിർവ്വഹണ കാലയളവ് |
|---|---|---|---|---|---|
| 1. അക്ഷര വായന<br>• എഴുത്തുരീതി<br>• ചിഹ്നങ്ങൾ ചേർത്തു വായന | 1.അക്ഷരകാർഡുകൾ നൽകുന്നു<br>2.അക്ഷരങ്ങൾക്ക് നിറം നൽകാൻ<br>3.ഉച്ചാരണശുദ്ധിയോടെ വായിക്കാൻ പരിശീലിപ്പിക്കുന്നു<br>4.അക്ഷരങ്ങൾ outline നൽകി എഴുതാൻ പരിശീലിപ്പിക്കുന്നു<br>5. ICTഉപയോഗിക്കുന്നു | 1.തെറ്റായരീതിയിൽ നൽകി കുട്ടി അക്ഷരങ്ങൾ തിരിച്ചറിയുന്നുണ്ടോ എന്ന് പരീക്ഷിക്കുന്നു<br>2.രക്ഷിതാവിന്റെ സഹായത്താൽ കുട്ടിയെ പരിശീലിപ്പിക്കുന്നു<br>3. അക്ഷരപഠന സഹായി ഉപയോഗിക്കുന്നു<br>4. വീടുകളിൽ അക്ഷരച്ചാർട്ട് | 1.കുട്ടികൾ വായിക്കുന്നു ഉച്ചാരണശുദ്ധി ഉണ്ടാകുന്നു<br>2.ചിഹ്നങ്ങൾ തിരിച്ചറിയുന്നു | CPTA | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ് |

| ഉപലക്ഷ്യങ്ങൾ | ഉപലക്ഷ്യങ്ങൾ നടപ്പിൽ വരുത്താൻ കണ്ടെത്തിയ പരിപാടികൾ | നടപ്പിൽ വരുത്തുന്ന പ്രവർത്തനങ്ങളുടെ സൂക്ഷ്മാസൂത്രണം | ഓരോ ഘട്ടത്തിലെയും പ്രതീക്ഷിത തെളിവുകൾ | പൊതുസമൂഹത്തിന്റെ മുൻപിൽ പങ്കിടുന്ന രീതികൾ | നിർവ്വഹണ കാലയളവ് |
|---|---|---|---|---|---|
| പദനിർമാണം പദശേഖരണം | 1.അക്ഷരക്കാർഡുകൾ നൽകി പദങ്ങൾ നിർമ്മിക്കാൻ പരിശീലനം നൽകുന്നു<br>2.പാഠപുസ്തകങ്ങൾക്ക് പുറമേ പുതിയ പദങ്ങൾ ശേഖരിക്കാൻ അവസരം നൽകാം<br>3. പദനിർമാണ മത്സരങ്ങൾ നടത്തുന്നു | രക്ഷിതാവിന്റെ സഹായത്തോടെ പരിശീലിപ്പിക്കുന്നു<br>ഒഴിവ് വേളകളിൽ അധിക പ്രവർത്തനങ്ങൾ നൽകാം | | CPTA | ഓഗസ്റ്റ്<br>സെപ്റ്റംബർ<br>ഒക്ടോബർ |
| ഉപചാര വാക്കുകൾ മനസിലാക്കുന്നു | പാഠപുസ്തകത്തിലെ ഉപചാര വാക്കുകൾ<br>........................................<br>നിത്യേന ക്ലാസ്സിൽ സന്ദർഭങ്ങൾക്ക് അനുസരിച്ച് ഉപയോഗിക്കുന്നു | വീടുകളിലും സന്ദർഭത്തിനനുസ-രിച്ച് പറഞ്ഞു ശീലിക്കാൻ | | CPTA | ഓഗസ്റ്റ്<br>സെപ്റ്റംബർ<br>ഒക്ടോബർ<br>നവംബർ |

| | | | | | |
|---|---|---|---|---|---|
| കവിത കേട്ട് ആസ്വദിക്കുന്നു<br><br>മാഗസിൻ നിർമ്മാണം | ചെറിയ കവിതകൾ കഥകൾ വായിച്ച് അവതരിപ്പിക്കുമ്പോൾ കഥാപാത്രങ്ങൾ ഉപചാരമാക്കുക പുതിയ പദങ്ങൾ എന്നിവ തിരിച്ചറിയുകയും വായിക്കാൻ പരിശീലിപ്പിക്കുകയും ചെയ്യുന്നു ചിത്രങ്ങൾ വരക്കാം | ചെറിയ കഥാകവിത ബുക്കുകൾ വീടുകളിൽ നൽകി രക്ഷിതാവിന്റെ സഹായത്തോടെ വായിക്കാൻ പരിശീലിപ്പിക്കുന്നു<br><br>ക്ലാസിൽ പദങ്ങൾ കണ്ടെത്തി മത്സരം നടത്തുന്നു | ചിത്രങ്ങൾ അക്ഷരങ്ങൾ പദങ്ങൾ ഉപചാര വാക്കുകൾ കഥ കവിത ശേഖരിച്ചത് ഇവയെല്ലാം ഉൾപ്പെടുത്തി ഒരു മാഗസിൻ നിർമ്മാണം | CPTA | ഡിസംബർ - മാർച്ച് |
| ദിനാചരണങ്ങൾ പരിചയപ്പെടൽ | ഓരോ ദിനാചരണത്തിന്റെയും ഭാഗമായി അറബിയിലുള്ള പ്ലക്കാർഡുൾ നിർമ്മിച്ച ചെറിയ വിവരങ്ങൾ നൽകുന്നു | രക്ഷിതാവിന്റെ സഹായത്തോടെ ചിത്രങ്ങൾ വരയ്ക്കുന്നതിനും സഹായം തേടുന്നു | | | ജൂൺ - മാർച്ച് |

## മേഖല : അക്കാദമികം                    ഗണിതം

| | | |
|---|---|---|
| വിഭാഗം | : | എൽ പി |
| വിഷയം | : | ഗണിതം |
| മേഖലാ | : | അടിസ്ഥാനാശയങ്ങൾ ഉറപ്പിക്കൽ<br>സംഖ്യാബോധം |
| പ്രവർത്തന പരിപാടിയുടെ പേര് | : | ഗണിതോദയം |

### അവസ്ഥാന വിശകലനം

മൊത്തം കുട്ടികളുടെ എണ്ണത്തിൽ 50%ൽ അധികം പേരും ഗണിതത്തിൽ അടിസ്ഥാനാശയ ബോധമുള്ളവരാണ്. അക്കബോധം, സ്ഥാനവില, ചതുഷ്ക്രിയാ നിർവഹണം തുടങ്ങിയ പ്രധാനാശയങ്ങളിൽ ഏതാണ്ട് 10-20% കുട്ടികൾ തീരെ പിന്നോക്കാവസ്ഥയിലാണെന്നാണ് പ്രീടെസ്റ്റുകളുടെ വിശകലനം സൂചിപ്പിക്കുന്നുണ്ട്.

### ലക്ഷ്യം

എല്ലാ കുട്ടികളിലും ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കുക.

മുഴുവൻ കുട്ടികളിലും ഗണിതാഭിമുഖ്യം വളർത്തുക

### പ്രതീക്ഷ നേട്ടങ്ങൾ

- എല്ലാ കുട്ടികളിലും സംഖ്യാബോധ് ഉറപ്പിക്കും
- ചതുഷ്ക്രിയകൾ നിർദ്ധാരണം ചെയ്യാൻ പ്രാപ്തരാക്കും
- ഗണിതമൂലകൾ പ്രവർത്തനക്ഷമമാക്കും
- നാണയങ്ങൾ, നോട്ടുകൾ എന്നിവയിലെ പ്രാഥമികധാരണ നേടും

| | പ്രവർത്തനം | പ്രവർത്തന ഘട്ടങ്ങൾ | കാലഘട്ടം | ചുമതല | റിമാർക്സ് |
|---|---|---|---|---|---|
| 1. | സംഖ്യാബോധം ഉറപ്പിക്കൽ | എസ്.ആർ.ജി.യിൽ ചർച്ച<br>ഗണിതോപകരണങ്ങളുടെ സഹായത്തോടെ ഗണിതകേളികൾ<br>ഒരക്കസംഖ്യകളുടെ കാർഡുകൾ നൽകി രണ്ടോ<br>അതിലധികമോ അക്കങ്ങളുള്ള സംഖ്യകൾ രൂപീകരക്കൽ<br>മുത്തുകൾ കോർത്ത് നിർദ്ദിഷ്ടസംഖ്യകളുടെ മാലകൾ<br>നിർമ്മിക്കൽ<br>സംഖ്യാകാർഡ്, സംഖ്യാസ്ട്രിപ്പ് എന്നിവ പ്രയോജനപ്പെടുത്തൽ | | ഗണിതാധ്യാപകർ<br>എസ്.ആർ.ജി<br>പി.റ്റി.എ | |
| 2. | ചതുഷ്ക്രിയകൾ<br>നിർദ്ധാരണം ചെയ്യൽ | സംഖ്യാപമ്പരം ഉപയോഗിച്ച് ചതുഷ്ക്രിയകൾ ഉൾപ്പെട്ട<br>ഗണിതപ്രശ്നങ്ങൾ കണ്ടെത്തൽ<br>നിർദ്ധാരണം ചെയ്യൽ<br>ഏണിയും പാമ്പും ഉപയോഗിച്ച് നൂറിൽ തുടങ്ങുന്ന സംഖ്യകൾ<br>സങ്കലനവ്യവകലന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കൽ | ജൂൺ<br>മുതൽ<br>ഫെബ്രുവരി | ഗണിതാധ്യാപകർ<br>എസ്.ആർ.ജി<br>പി.റ്റി.എ | |
| 3. | നാണയങ്ങൾ, നോട്ടുകൾ<br>എന്നിവയിലെ പ്രാഥമിക<br>ധാരണ | വിവിധ മൂല്യങ്ങളുള്ള കളിനോട്ടുകൾ ഉപയോഗപ്പെടുത്തൽ<br>പാസ്ബുക്ക് നിർമ്മാണം, ബാങ്ക് സജ്ജീകരിക്കൽ<br>ക്രയവിക്രയധാരണ രൂപീകകണം | | ഗണിതാധ്യാപകർ<br>എസ്.ആർ.ജി<br>പി.റ്റി.എ | |

## മേഖല : അക്കാദമികം                ഗണിതം

| | | |
|---|---|---|
| വിഭാഗം | : | യു.പി |
| വിഷയം | : | ഗണിതം |
| മേഖലാ | : | അടിസ്ഥാനാശയങ്ങൾ ഉറപ്പിക്കൽ |
| പ്രവർത്തന പരിപാടിയുടെ പേര് | : | ഗണിതപ്രകാശം |

### അവസ്ഥാന വിശകലനം

മൊത്തം കുട്ടികളുടെ എണ്ണത്തിൽ 50%ൽ അധികം പേരും ഗണിതത്തിൽ അടിസ്ഥാനാശയ ബോധമുള്ളവരാണ്. അക്കബോധം, സ്ഥാനവില, ചതുഷ്ക്രിയാ നിർവഹണം, ജ്യാമിതീയ രൂപങ്ങൾ, ശതമാനം, അംശബന്ധം, ബാങ്കിംഗ് തുടങ്ങിയ പ്രധാനാശയങ്ങളിൽ ഏതാണ് 10 - 20% കുട്ടികൾ തീരെ പിന്നോക്കാവസ്ഥയിലാണെന്നാണ് പ്രീടെസ്റ്റുകളുടെ വിശകലനം സൂചിപ്പിക്കുന്നുണ്ട്.

### ലക്ഷ്യം

എല്ലാ കുട്ടികളിലും ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കുക.

മുഴുവൻ കുട്ടികളിലും ഗണിതാഭിമുഖ്യം വളർത്തുക

### പ്രതീക്ഷിത നേട്ടങ്ങൾ

- ❖ ക്ലാസ്മുറികളിൽ ഗണിതമൂലകൾ സജ്ജീകരിക്കും
- ❖ ഗണിതത്തിലെ അടിസ്ഥാനശേഷികൾ വികസിപ്പിക്കും
- ❖ ഗണിതക്രിയകൾ സ്വയം ചെയ്യുന്നതിനുള്ള കഴിവ് നേടും
- ❖ ഗണിത പഠനോപകരണങ്ങളിലൂടെ രസകരമായി ഗണിതപഠനം സാധ്യമാക്കും
- ❖ ഗണിതോപകരണങ്ങൾ സ്വയം കൈകാര്യം ചെയ്യുന്നതിനുള്ള ശേഷി കൂടും
- ❖ ഗണിതപഠനത്തിൽ താൽപര്യം വർദ്ധിക്കും

| | പ്രവർത്തനം | പ്രവർത്തന ഘട്ടങ്ങൾ | കാലഘട്ടം | ചുമതല | റിമാർക്സ് |
|---|---|---|---|---|---|
| 1. | ഗണിതമൂലകളുടെ സജ്ജീകരണം | എസ്.ആർ.ജി.യിൽ ആസൂത്രണം<br>അതാതു ക്ലാസിനനുസൃതമായ ഉപകരണങ്ങൾ തരം തിരിക്കുന്നു. സജ്ജീകരിക്കുന്നു.<br>ജ്യാമിതീയ നിർമ്മിതികൾ, കോണളവുകൾ എന്നീ ആശയങ്ങൾ ഉറപ്പിക്കുന്നതിനായി പഠനോപകരണങ്ങൾക്ക് പുറമെ ക്ലാസ്മുറിയുടെ മൂലകൾ, വാതിലുകൾ എന്നിവയുടെ സ്ഥാനങ്ങളുടെ സഹായും കൂടി ഉൾക്കൊള്ളിച്ചുകൊണ്ട് ഗണിതകേളികൾ ഉപയോഗപ്പെടുത്തുന്നു<br>സംഖ്യാകാർഡുകൾ, സ്ഥാനവില സ്ട്രിപ്പുകൾ ഇവ ഉപയോഗിച്ചുകൊണ്ട് ചതുഷ്ക്രിയാബോധം ഉറപ്പിക്കുന്നു.<br>ഭിന്നനിലവാരക്കാരായ കുട്ടികളെ ഉൾപ്പെടുത്തി ഗ്രൂപ്പുകൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ നടത്തുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഗണിതാധ്യാപകർ<br>ഗണിതാധ്യാപകർ<br>എസ്.ആർ.ജി<br>പി.റ്റി.എ | |
| 2. | ഗണിതകേളികളിലൂടെ പഠനം രസകരമാക്കൽ | ഗണിതപസിലുകൾ, സംഖ്യാപാറ്റേണുകൾ, ജ്യാമിതീയ പാറ്റേണുകൾ എന്നിവയുടെ ഗണിതാശയങ്ങൾ ഉറപ്പിക്കുന്നു | | ഗണിതാധ്യാപകർ<br>എസ്.ആർ.ജി<br>പി.റ്റി.എ | |

## മേഖല : അക്കാദമികം

| | | |
|---|---|---|
| വിഭാഗം | : | എൽ.പി. / യു.പി |
| വിഷയം | : | പരിസരപഠനം / അടിസ്ഥാനശാസ്ത്രം |
| മേഖല | : | പരീക്ഷണത്തിലൂടെ പഠനം |
| പ്രവർത്തന പരിപാടിയുടെ പേര് | : | പരീക്ഷണക്കളരി |

### അവസ്ഥാന വിശകലനം

പൊതുവെ ശാസ്ത്രാഭിമുഖ്യമുള്ള കുട്ടികളാണ് സ്കൂളിൽ ഏറിയ പങ്കുമുള്ളത്. ശാസ്ത്രീയ തത്വങ്ങൾ എല്ലാ കുട്ടികളിലേയ്ക്കു പൂർണ്ണമായി എത്തിക്കാൻ നേരറിവിലൂടെ പഠനം എന്ന രീതി കുറച്ചുകൂടി കാര്യക്ഷമമായി അവലംബിക്കേണ്ടതുണ്ട്.

### ലക്ഷ്യം

ശാസ്ത്രകൗതുക വർദ്ധിപ്പിക്കൽ, പ്രക്യയാശേഷി വർദ്ധിപ്പിക്കൽ

### പ്രതീക്ഷിത നേട്ടങ്ങൾ

- എല്ലാകുട്ടികളും ലഘുപരീക്ഷണങ്ങളിൽ ഏർപ്പെടുന്നതിനുള്ള കഴിവ് നേടുന്നു
- കുട്ടികളുടെ ഉള്ളിൽ ശാസ്ത്രചിന്ത, ശാസ്ത്രാവബോധം എന്നിവ വളരും
- പരീക്ഷണകുറിപ്പ് തയ്യാറാക്കുന്നതിൽ കഴിവുനേടും
- നിരീക്ഷണപരീക്ഷണങ്ങളിൽ ഏർപ്പെടുന്നതിനാൽ ശാസ്ത്രതാൽപര്യമുണ്ടാകും
- ശാസ്ത്രപതിപ്പുകൾ രൂപപ്പെടും

| | പ്രവർത്തനം | പ്രവർത്തന ഘട്ടങ്ങൾ | കാലഘട്ടം | ചുമതല | റിമാർക്സ് |
|---|---|---|---|---|---|
| 1. | പരീക്ഷണക്കളരി | എസ്.ആർ.ജി.യിൽ ചർച്ച<br>ഓരോ ക്ലാസ്സിനും അനുയോജ്യമായ പാഠപുസ്തകത്തിലെ<br>പരീക്ഷണങ്ങൾ പട്ടികപ്പെടുത്തുന്നു.<br>സാമഗ്രികൾ കണ്ടെത്തൽ<br>ഗ്രൂപ്പിംഗ്<br>ചുമതലവിഭജനം<br>ക്ലാസ്സിൽ പരീക്ഷണം<br>അസംബ്ലിയിൽ അവസരം<br>ക്ലാസ്തല പരീക്ഷണക്കുറിപ്പുകൾ<br>വ്യക്തിഗതമായി ചെയ്യൽ<br>പ്രോത്സാഹനം, അംഗീകാരം<br>ഉത്പന്നങ്ങളുടെ പ്രദർശനം | ജൂൺ മുതൽ<br>ഫെബ്രുവരി<br>വരെ | ശാസ്ത്രാധ്യാപകർ<br>കുട്ടികൾ<br>പി.റ്റി.എ<br>എസ്ആർ.ജി | |
| 2. | ശാസ്ത്രപതിപ്പ് | ശാസ്ത്രസംബന്ധിയായ പത്രകട്ടിംഗുകൾ ശേഖരിക്കൽ<br>തരംതിരിക്കൽ<br>പതിപ്പ് തയ്യാറാക്കൽ<br>പ്രകാശനം | | | |

വിഭാഗം : യു. പി

വിഷയം : സാമൂഹ്യശാസ്ത്രം

| | പ്രവർത്തനം | പ്രവർത്തന ഘട്ടങ്ങൾ | കാലഘട്ടം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1. | സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ | പത്രവാർത്തകളിലെ രാജ്യം കണ്ടെത്താം<br>റിവേഴ്സ് ക്വിസ്<br>കളിക്കാം പഠിക്കാം<br>സാമഗ്രികൾ കണ്ടെത്തൽ | ജൂൺ | സാമൂഹ്യശാസ്ത്ര അധ്യാപകർ | പി.ടി.എ |
| 2. | പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക | **ആൽബം തയ്യാറാക്കൽ**<br>ഡിജിറ്റൽ ആൽബം, ഫ്ളിപ് ബുക്ക്<br>വെർച്വൽ ഫീൽഡ് ട്രിപ്പ്<br>**പഠനയാത്രാകുറിപ്പുകൾ**<br>**പാഠഭാഗവുമായി ബന്ധപ്പെട്ട് തയ്യാറാക്കുന്ന ഉൽപ്പന്നങ്ങളുടെ പ്രദർശനം**<br>എക്സിബിഷൻ<br>ദിനാചരണങ്ങൾ | അനുയോജ്യമായ പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട് | സാമൂഹ്യശാസ്ത്ര അധ്യാപകർ | പി.ടി.എ |
| 3. | ജനാധിപത്യപരമായ ജീവിത സമീപനം മെച്ചപ്പെടുത്തുന്നു | സ്കൂൾമോക്ക് പാർലമെന്റ് ഇലക്ഷൻ<br>ഭരണഘടന<br>ദിനാചരണങ്ങൾ<br>ഗ്രാമസഭ, വാർഡ് ഇവ സന്ദർശിച്ച് പ്രവർത്തനങ്ങൾ മനസ്സിലാക്കുന്നു | ഹ്രസ്വകാലം | സാമൂഹ്യശാസ്ത്ര അധ്യാപകർ | പി.ടി.എ |

| | | | | | |
|---|---|---|---|---|---|
| 4. | വിവര വിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗം, ക്രിമിനൽ പ്രവർത്തനങ്ങൾ, റോഡ് സുരക്ഷ ഇവയെക്കുറിച്ച് ബോധവാൻമാരാക്കുന്നു. സൈബർ കുറ്റകൃത്യങ്ങൾ എന്ന വിഷയവുമായി ബന്ധപ്പെട്ട ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു | റോഡ് സുരക്ഷാചിഹ്നങ്ങൾ ക്രമീകരിച്ചുകൊണ്ട് കുട്ടികളിൽ ട്രാഫിക് അവബോധം ഉണ്ടാക്കുന്നു<br>ICT പവർപോയിന്റ് പ്രസന്റേഷൻസ്, വീഡിയോസ്, പഠനക്ലാസ്സ് ഇവ സംഘടിപ്പിക്കുന്നു. റോഡ് സുരക്ഷയെക്കുറിച്ച് ബോധവാൻമാരാക്കുന്നു<br>രക്ഷിതാക്കൾക്ക് വിവരവിനിമയമത്തിന്റെ മേഖലകളുമായി ബന്ധപ്പെട്ട് ബോധവൽക്കരണം നൽകുന്നു. | ഹ്രസ്വകാലം | സാമൂഹ്യശാസ്ത്ര അധ്യാപകർ | പി.ടി.എ |

മേഖല: **അക്കാദമികം**

വിഷയം: **ഐ.റ്റി പഠനം**

വിഭാഗം: **എൽ.പി/യു.പി**

ലക്ഷ്യം: ഐ.റ്റിയുടെ പ്രാധാന്യം മനസ്സിലാക്കുന്നതിനും പാഠഭാഗങ്ങളിൽ പ്രയോഗിക്കുന്നതിനും ജീവിതത്തിൽ പ്രയോജനപ്പെടുത്തുന്നതിനും.

### പ്രവർത്തനങ്ങൾ

- 1 മുതൽ 7 വരെ ക്ലാസിലെ കുട്ടികൾക്ക് തങ്ങളുടെ നിലവാരത്തിനനുസരിച്ച് ഇവ മനസ്സിലാക്കാൻ വേണ്ട പ്രവർത്തനങ്ങൾ
- ഐ.റ്റി അധിഷ്ഠിതമായ പഠനം
- എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ്, മലയാളം ടൈപ്പിംഗ് പരിശീലനം

### ചുമതല

ഐ.റ്റി ചുമതലയുള്ള അധ്യാപകർ, ക്ലാസ് ടീച്ചേഴ്സ്

### സാമ്പത്തികം

ഇതിന് ആവശ്യമായ സാധന സാമഗ്രികൾ വാങ്ങുവാനുള്ള ചിലവ്.

മേഖല: **അക്കാദമികം**

വിഷയം: **കായികം**

വിഭാഗം: **എൽ.പി/യു.പി**

ലക്ഷ്യം: കുട്ടികളുടെ കായിക ശേഷി വർദ്ധിപ്പിക്കൽ, ആരോഗ്യം സംരക്ഷിക്കൽ, ഏകാഗ്രത വർദ്ധിപ്പിക്കൽ

## പ്രവർത്തനങ്ങൾ

- സ്കൂളിലെ മുഴുവൻ കുട്ടികൾക്കും സൂംബ പരിശീലനം.
- സ്കൂൾ അസംബ്ലി ശക്തപ്പെടുത്തുക.
- സ്കൂൾതല സ്പോർട്സ് സമിതിയുടെ രൂപീകരണം.
- സ്കൂൾ സ്പോർട്സ് മീറ്റ് സംഘടിപ്പിക്കുക.

## ചുമതല

കായിക അധ്യാപകൻ, എച്ച്.എം, അധ്യാപകർ

## സാമ്പത്തികം

വിദ്യാഭ്യാസ വികസന സമിതി

മേഖല: **അക്കാദമികം**

വിഷയം: **പ്രവൃത്തിപരിചയ പഠനം**

വിഭാഗം: **എൽ.പി/യു.പി**

ലക്ഷ്യം: പാഠ്യേതര പ്രവർത്തനങ്ങളിൽ കുട്ടികളുടെ മികവ് വർദ്ധിപ്പിക്കുക.

## പ്രവർത്തനങ്ങൾ

- പാഴ്‌വസ്തുക്കളിൽ നിന്ന് പുതിയ വസ്തുക്കൾ നിർമ്മിക്കാനുള്ള പരിശീലനം.
- കുട്ടികളെയും കൊണ്ട് ചെറിയ തൊഴിൽശാലകൾ സന്ദർശിക്കുക.
- തൊഴിൽ പരിശീലനം നൽകുക. ബുക്ക്ബൈൻറിംഗ്, ഓഫീസ് ഫയൽ നിർമ്മാണം

## ചുമതല

വർക്ക് എക്സ്പീരിയൻസ് അധ്യാപകർ, എച്ച്.എം, അധ്യാപകർ

## സാമ്പത്തികം

ഇതിന് ആവശ്യമായ സാധനസാമഗ്രികൾ വാങ്ങുവാനുള്ള ചിലവ്.

**മേഖല: ഭൗതികം**

- കൂടുതൽ സൗകര്യങ്ങളോടുകൂടിയ ശാസ്ത്രലാബ്, ആധുനിക സൗകര്യങ്ങളോടു കൂടിയ ഡിജിറ്റൽലൈബ്രറി എന്നിവ ഉൾക്കൊള്ളുന്ന ഒരു കെട്ടിടത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ പി.ടി.എ.യുടെ സഹകരണത്തോടെ കഴിഞ്ഞവർഷം ആരംഭിച്ചെങ്കിലും സാമ്പത്തിക പ്രശ്നങ്ങൾ കാരണം അത് ഇതുവരെ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. അത് ഈ വർഷം പൂർത്തിയാക്കി പ്രവർത്തനം ആരംഭിക്കേണ്ടതുണ്ട്.
- നല്ല രീതിയിൽ പ്രവർത്തിച്ചിരുന്ന മഴവെള്ള സംഭരണി, ബയോഗ്യാസ് പ്ലാൻറ്, എന്നിവ ഉണ്ടായിരുന്നു. എങ്കിലും പുതിയ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് ഇവ പ്രവർത്തനരഹിതമായി. മഴവെള്ള സംഭരണിയും ബയോഗ്യാസും പുനഃസ്ഥാപിക്കേണ്ടതുണ്ട്.
- കുട്ടികൾക്കായി ഒരു കളിസ്ഥലം വിദ്യാലയത്തിന്റെ ദീർഘനാളത്തെ ഒരു സ്വപ്നമാണ്. സ്ഥലപരിമിതി മൂലം ഇതുവരെയും അത് യാഥാർത്ഥ്യമാക്കാൻ കഴിഞ്ഞിട്ടില്ല.നിലവിൽ ഉപയോഗയോഗ്യമല്ലാത്ത പഴയ സ്കൂൾ കെട്ടിടം പൊളിച്ചുമാറ്റിയാൽ അതിനുള്ള സൗകര്യം ലഭ്യമാകും എന്ന് പ്രതീക്ഷിക്കുന്നു.
- നിലവിൽ 10 കംപ്യൂട്ടറുകൾ മാത്രമുള്ള കംപ്യൂട്ടർലാബ് 400 ഓളം വരുന്ന കുട്ടികൾക്ക് തികച്ചും അപര്യാപ്തമാണ്. സ്ഥലപരിമിതിയും പ്രശ്നമാണ്. കൂടുതൽ സൗകര്യങ്ങളോടുകൂടിയ ഒരു ഐ.റ്റി ലാബ് അത്യന്താപേക്ഷിതമാണ്.
- നവീകരിച്ച അടുക്കള ലഭ്യമായെങ്കിലും 400 ഓളം കുട്ടികൾക്ക് ആവശ്യമായ ഭക്ഷണം പാചകം ചെയ്യുന്നയിനുള്ള സൗകര്യങ്ങൾ കുറവാണ്. സ്റ്റീമർ ഉൾപ്പെടെയുള്ള ഉപകരണങ്ങൾ ലഭ്യമാക്കേണ്ടതുണ്ട്.

**മേഖല: സാമൂഹികം**

- വിദ്യാലയവും സമൂഹവുമായി മികച്ച ബന്ധങ്ങൾ സൂക്ഷിക്കുക
- എം.പി.റ്റി.എ ശാക്തീകരണം
- പൂർവ്വ വിദ്യാർത്ഥികളുടെ സജീവ പങ്കാളിത്തം ഉറപ്പു വരുത്തുക.
- സാമൂഹിക പ്രശ്നങ്ങളിൽ ഇടപെടുകയും പ്രാദേശിക പാരിസ്ഥിതിക പ്രശ്നങ്ങൾ പഠനപ്രവർത്തനങ്ങളായി രൂപപ്പെടുത്തുകയും ചെയ്യുക.

# ഉപസംഹാരം

2025-26 അധ്യയനവർഷത്തിൽ നടപ്പിലാക്കി എടുക്കേണ്ട ചില പദ്ധതികളുടെ രൂപ രേഖയാണ് ഈ അക്കാദമിക മാസ്റ്റർപ്ലാനിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. അദ്ധ്യാപകരുടേയും, വിദ്യാർത്ഥികളുടേയും, രക്ഷകർത്താക്കളുടേയും, പൊതുസമൂഹത്തിൻെറയും സമ്പൂർണ്ണ പങ്കാളിത്തത്തോടെ പ്രസ്തുത പദ്ധതികൾ ഓരോന്നും യാഥാർത്ഥ്യമാക്കാനാകും എന്ന് ഉറപ്പുണ്ട്. സർക്കാരിൻെറയും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടേയും, വിവിധസർക്കാർ, സർക്കാരിതര ഏജൻസികളുടേയും സേവനവും, സഹകരണവും അതിനായി പ്രയോജനപ്പെടുത്തേണ്ടതുണ്ട്. ഒരു വിദ്യാലയത്തിൻെറ വികസനത്തിൻെറ ഗുണഭോക്താക്കൾ അവിടുത്തെ വിദ്യാർത്ഥികൾ മാത്രമല്ല സമൂഹം ഒന്നാകെയാണ്.

ആത്മവിശ്വാസത്തോടെയും, ശുഭപ്രതീക്ഷകളോടുംകൂടി ഈ അക്കാദമിക മാസ്റ്റർപ്ലാൻ സമർപ്പിക്കുന്നു.